ഉത്തരം

ഉണ്ട്.

ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സിന്റെ പുനരുദ്ധാരണം

674. [944] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സ് പുനരുദ്ധരിച്ച് പ്രവർത്തിപ്പിക്കാൻ കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഗവൺമെന്റ് എന്തു തീരുമാനം കൈക്കൊണ്ടു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ വ്യവസായസ്ഥാപനം പുനരുദ്ധരിക്കാൻ വ്യക്തമായ നിർദ്ദേശങ്ങൾ ഒന്നും സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചിട്ടില്ല എന്ന കേന്ദ്ര ഗവൺമെന്റിന്റെ പ്രസ്താവന സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഫെഡറേഷൻ സമർപ്പിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(ബി) ഇല്ല.

പിറവം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

675. [945] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വ്യവസായ യൂണിറ്റുകൾ പൂട്ടിക്കിടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) അവ പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ;

(സി) ഇതിനുവേണ്ട സാമ്പത്തിക സഹായം നൽകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂട്ടിക്കിടക്കുന്ന യൂണിറ്റുകൾ പുനരുദ്ധരിക്കാവുന്നവയാണെങ്കിൽ അവ പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ മിനി വ്യവസായ എസ്റ്റേറ്റുകളിലും പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനെപ്പറ്റി പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പുനരുദ്ധരിക്കാവുന്നവയെന്നുകാണുന്ന യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിന് അവയുടെ ഇപ്പോഴത്തെ ഫൈനാൻസിംഗ് സ്ഥാപനമോ, ബാങ്കോ പുനരുദ്ധാരണ പരിപാടിയിൽ ഉൾപ്പെടുത്തുവാൻ തയ്യാറായാൽ ഗവൺമെന്റിന്റെ "സിക്ക് യൂണിറ്റ് റീഹാബിലിറ്റേഷൻ" പരിപാടിയിൽ ഉൾപ്പെടുത്തി സഹായം നൽകുന്നതാണ്.

30-6-1986-നു ശേഷം അടച്ചുപൂട്ടപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ

676. [947] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-6-1986-നു ശേഷം അടച്ചുപൂട്ടപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly